# INTERNATIONAL INDIAN SCHOOL DAMMAM

## SUMMATIVE ASSESSMENT - II (2014-15)

## MALAYALAM

CLASS - VIII　　　　TIME - 3 hrs　　　　MARKS - 90

I. ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

കേരളക്കരയുടെ ചരിത്രത്തിൽ സ്വദേശാഭിമാനി പത്രാധിപർ കെ.രാമകൃഷ്ണപിള്ളയുടെ സ്ഥാനം അതുല്യമാണ്. തെക്കൻ കേരളത്തിൽ നെയ്യാറ്റിൻകരതാലൂക്കിൽ ഒരിടത്തരം കുടുംബത്തിലാണ് രാമകൃഷ്ണപിള്ള ജനിച്ചത്.തിരുവിതാംകൂറിലെ രാജാധികാരത്തിന്റെയും സേവകവൃന്ദത്തിന്റെയും അഴിമതിയെയും ദുരധികാരപ്രേമത്തെയും എതിർത്തതിന് 1910-ൽ നാടുകടത്തപ്പെട്ട സംഭവമാണ് അദ്ദേഹത്തെ അഖിലേന്ത്യാ പ്രശസ്തനാക്കിയത്. എങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളും ആദർശങ്ങളും കേരളമാകെ സ്വാധീനം ചെലുത്തുകയും നാടുകടത്തലിനു ശേഷം കൊച്ചിയിലും മലബാറിലുമായി ശിഷ്ടജീവിതം നയിച്ച് തന്റെ ജീവിതദൗത്യം അഭംഗുരം തുടരുകയും ചെയ്തതിനാൽ അദ്ദേഹത്തെ ഒരു തിരുവിതാംകൂർകാരൻ മാത്രമായി ചുരുക്കുന്നത് ശരിയല്ല. വിദ്യാലയത്തിലും കലാലയത്തിലുമെല്ലാം മിതഭാഷിയായി ഒതുങ്ങിയ അദ്ദേഹം പക്ഷേ പരീക്ഷകളിൽ പ്രശംസാർഹമായ വിജയം കൈവരിച്ചിരുന്നു .അന്നു ലഭ്യമായിരുന്ന പുസ്തകങ്ങളും പത്രമാസികകളും അദമ്യമായ തൃഷ്ണയോടെ വായിച്ചു കിട്ടുന്ന അറിവും ചുറ്റുപാടും കണ്ടും കേട്ടും കിട്ടുന്ന വിവരങ്ങളുമാണ് ആ വിദ്യാർത്ഥിയുടെ ചിന്തകൾക്ക് വിഷയമായത്.കൗമാരാരംഭത്തിലേ ലേഖനവിദ്യയിലും കവിതയിലും വിരുതു കാട്ടിയിരുന്നു രാമകൃഷ്ണപിള്ള.1894-ൽ രാജകീയകലാലയത്തിലെ വിദ്യാർത്ഥിയായി എത്തുമ്പോഴേക്കും വായനക്കാരൻ, എഴുത്തുകാരൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രായത്തിൽ കവിഞ്ഞ പക്വതയുള്ള ഒരാളായി തീർന്നിരുന്നു അദ്ദേഹം. ധാരാളം പത്രങ്ങളിൽ പത്രാധിപരായി ജോലി ചെയ്തുവെങ്കിലും പലരുമായും തെറ്റിപ്പിരിയേണ്ടി വന്നു.ഒടുവിൽ പാണ്ഡിത്യവും പരിഷ്കരണാഭിമുഖ്യവും ധൈര്യവുമൊത്തു ചേർന്ന ഒരു മഹാപുരുഷനെ രാമകൃഷ്ണപിള്ളയ്ക്കു സഹായിയായി ലഭിച്ചു. കേരള നവോത്ഥാന ചരിത്രത്തിലെ അഗ്രഗണ്യനായ വക്കം അബ്ദുൽഖാദർ മൗലവിയായിരുന്നു അത്. ശ്രീനാരായണഗുരുവിന്റെ സുഹൃത്തും സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രോത്സാഹകനും മദ്രസാവിദ്യാഭ്യാസത്തെ ആധുനിക വിദ്യാഭ്യാസവുമായി കോർത്തിണക്കിയ പരിഷ്കർത്താവും ബഹുഭാഷാപണ്ഡിതനുമായിരുന്നു മൗലവി.അദ്ദേഹം നടത്തി വന്ന പത്രമാണ് സ്വദേശാഭിമാനി. രാമകൃഷ്ണപിള്ളയെ സ്വദേശാഭിമാനിയുടെ പത്രാധിപരായി മൗലവി അവരോധിച്ചു. എന്നാൽ അഴിമതിക്കാരായ രാജസേവകരുടെയും ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളുടെയും ഉപജാപത്തെ തുടർന്ന് 1910 സെപ്റ്റംബർ 26ന് സ്വദേശാഭിമാനി പത്രവും പ്രസ്സും കണ്ടുകെട്ടുകയും പത്രാധിപരായ രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു.

1.വിദ്യാർത്ഥിയായിരുന്ന രാമകൃഷ്ണപിള്ളയുടെ ചിന്തകൾക്ക് വിഷയമായതെന്തെല്ലാം? 2

2.രാമകൃഷ്ണപിള്ളയെ അഖിലേന്ത്യാ പ്രശസ്തനാക്കിയ സംഭവമെന്ത്? 2

3.വക്കം അബ്ദുൽ ഖാദർ മൗലവി ആരായിരുന്നു? 2

4.രാമകൃഷ്ണപിള്ളയെ ഒരു തിരുവിതാംകൂർകാരനായി മാത്രം ചുരുക്കുന്നതു ശരിയല്ല. എന്തുകൊണ്ട്? 2

5.സ്വദേശാഭിമാനി പത്രത്തിന്റെ പത്രാധിപർ ആരായിരുന്നു? 1

6.രാമകൃഷ്ണപിള്ള ജനിച്ചതെവിടെയാണ്? 1

II ബ്രാക്കറ്റിൽ നിന്നും ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക 5

(ന്ദ്യ , ഷ്ടാ , ശ , ന്ത്ര ,ഷ ,മ്യ ,ദൃ ,തൃ ,ന്ദ്ര)

1.ദൃ__ന്തം 2.മാ__ത്വം 3.ഘോ__യാത്ര 4.ത__ശാലി 5.ക്ഷയോ__ഖം

III അർത്ഥമെഴുതുക 7

1.കർക്കശം 2.അണയ്ക്കുക 3.മോഹഭംഗം 4.ബഹുലം 5.പ്രഭാവം 6.പ്രഭ 7.വ്യത്യസ്തം

IV വിപരീതമെഴുതുക 5

1.ബഹുലം 2.സമൂഹം 3.ബാല്യം 4.ഉത്തമം 5.സ്ത്രീ

V പര്യായമെഴുതുക 7

1.വിധവ 2.പൂച്ച 3.അടർ 4.കുഞ്ഞ് 5.സന്തോഷം 6.നായ 7.ജലം

VI നാനാർത്ഥമെഴുതുക 5

1.ശിക്ഷ 2.അന്നം 3.മേനി 4.ക്ഷമ 5.പത്രം

VII ചേർത്തെഴുതുക 5

1.ഒരു+അധ്യായം 2.പുറം+കണ്ണ് 3.ആ +കാര്യം 4.വീർപ്പ്+അടക്കി 5.വില+ ഏറിയ

VIII പിരിച്ചെഴുതി സന്ധി നിർണയിക്കുക 5

1.ഒലിവില 2.വിശ്വംഭരിയിൽ 3.ജീവിതത്തിനിടയിൽ 4.കൈപ്പിടി 5.പ്രകാശമേറിയ

IX വിഗ്രഹിക്കുക 5

1.വാദപ്രതിവാദം 2.മഹോത്സവം 3.സ്വരാജ്യാഭിമാനം 4.ഭാഗ്യദേവത 5.ദീനഭാവം

X വാക്യത്തിൽ പ്രയോഗിക്കുക (Any Two) 2

1.നാന്ദികുറിക്കുക 2.അഭിരുചി 3.കറകളഞ്ഞ

XI പദ്യം പൂരിപ്പിക്കുക(Ten Lines) 5

വിത്തമെന്തിനു......................വേളയിലംശുമാൻ

XII ഖണ്ഡിക തയ്യാറാക്കുക 5

1.ഗ്രന്ഥപാരായണം

XIII തെറ്റ് തിരുത്തുക (Any Two) 2

1.അയാൾ കടം തീർക്കുവാൻ മറ്റുമാർഗമൊന്നുമില്ലാത്തതിനാൽ ഗത്യന്തരമില്ലാതെ നാടുവിട്ടു

2.വേനലവധിക്ക് കുട്ടികളെ യഥേഷ്ടം പോലെ കളിക്കാൻ വിടണം

3.ഈ വർഷത്തെ യുവജനോത്സവം വളരെ കേമമമായിരുന്നു

XIV പ്രയോഗം മാറ്റുക (Any Two) 2

1.അവൾ നിറഞ്ഞ കണ്ണുകൾ തുടച്ചു

2.കൃഷിമന്ത്രി കർഷകർക്ക് നിർദ്ദേശങ്ങൾ കൊടുക്കും

3.കുട്ടികൾ പാഠപുസ്തകം വായിക്കുന്നു

XV ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരമെടുത്തെഴുതുക 5

1.വിദ്യ തന്നെ മഹാധനം എന്ന കവിത എഴുതിയതാര് ?

(വള്ളത്തോൾ ,വൈലോപ്പിള്ളി ,ഉള്ളൂർ)

2.ഈനോമിയസ് രാജാവ് നടത്തിയ തേരോട്ടമത്സരത്തിൽവിജയിച്ച യുവാവിൻെറ പേരെന്തായിരുന്നു ?

(ഹെർക്കുലീസ് ,പെലോപ്സ് ,യുളീസസ്)

3. 1872-ൽ എഡിസൻ ഫാക്ടറി സ്ഥാപിച്ചത് എവിടെ ?

(ഡിട്രോയിറ്റിയിൽ ,മെൻലോപാർക്കിൽ ,ഒഹിയോയിൽ)

4.പുനരാരംഭിച്ച ആദ്യത്തെ ഒളിമ്പിക്സ് നടന്നതെവിടെ ?

(ഏഥൻസ് ,മ്യൂണിക് ,ഒളിമ്പിയ)

5.ലാൽബഹദൂർ ശാസ്ത്രി ഏതു വിഷയത്തിലാണ് ബിരുദം നേടിയത് ?

(സാമ്പത്തികശാസ്ത്രം ,തത്വശാസ്ത്രം ,സാമൂഹ്യശാസ്ത്രം)

XVI ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക (Any Five) 10

1.ഒളിമ്പിക്സിൻെറ മുദ്രാവാക്യം എന്ത് ഇതിൻെറ ഉപജ്ഞാതാവ് ആര് ?

2.ലാൽ ബഹദൂറിൻെറ രാജ്യാഭിമാനത്തെ ഉണർത്തിയത് ആരെല്ലാം ?

3.വിദ്യ മഹാധനമാണെന്നു പറയുന്നതെന്തുകൊണ്ട് ?

4.എഡിസൻെറ ബാല്യകാലത്തെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു ?

5.വിഷ്ണുഗുപ്തൻ എങ്ങനെയുള്ള ആളായിരുന്നു ?

6.ആധുനിക ഒളിമ്പിക്സിലെ ദുഃഖപൂർണ്ണമായ സംഭവമേത് ?

XVII മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക (Any One) 5

1.പീസിഡോറസ് എന്ന യുവാവിൻെറ അമ്മ ചെയ്തതെന്ത് ?

2. ശാസ്ത്രി പ്രധാനമന്ത്രി ആയിരുന്നപ്പോഴും ഒരു സത്രം പോലെയായിരുന്നു അദ്ദേഹത്തിൻെറ ഭവനം. ഇങ്ങനെ പറയാൻ കാരണമെന്ത് ?